**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1278** **18-01-2021 - ല്‍ മറുപടിയ്ക്ക്**

**കൈറ്റിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബല്‍റാം , ശ്രീ . ഷാഫി പറമ്പില്‍ , ശ്രീ . എല്‍ദോസ് പി. കുന്നപ്പിള്ളില്‍ , ശ്രീ. അനില്‍ അക്കര | | Prof. C. Raveendranath (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഹൈടെക് സ്കൂള്‍, ഹൈടെക് ലാബ് അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ നിര്‍വ്വഹണ ഏജന്‍സിയായി കൈറ്റ് പ്രവര്‍ത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി എത്ര കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും കൈറ്റ് വാങ്ങിയെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (ബി) | മറുപടി അനുബന്ധമായി ചേര്‍ക്കുന്നു. |
| (സി) | ഇപ്രകാരം വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കൈറ്റിന് സാധിച്ചിട്ടുണ്ടോ; എങ്കില്‍ അതിനുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ; | (സി) | ഉണ്ട്; പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങള്‍ക്കും സ്കൂളുകള്‍ക്കും ആവശ്യമുള്ള ഹാര്‍ഡ്‌വെയറുകള്‍ക്കാവശ്യമായ മിനിമം സ്പെസിഫിക്കേഷന്‍, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകള്‍ തുടങ്ങിയവ നിശ്ചയിക്കുന്നതിന് സര്‍ക്കാര്‍ നിയമിച്ച ടെക്നിക്കല്‍ കമ്മിറ്റിയുടെ പൂര്‍ണമായ മേല്‍നോട്ടത്തിലാണ് ഹൈടെക് സ്കൂള്‍ -ഹൈടെക് ലാബ് പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്നത്. ഇതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള കാര്യങ്ങള്‍ താഴെ നല്‍കുന്നു: സ്കൂളുകള്‍ക്ക് നല്‍കേണ്ട ഉപകരണങ്ങളുടെ എണ്ണം, അവയുടെ ആവശ്യകത സ്കൂളുകളില്‍ നിന്നും ശേഖരിച്ച തിനുശേഷം കൈറ്റ് പ്രത്യേക സര്‍വെ നടത്തി പരിശോധിച്ച് ശുപാര്‍ശ ചെയ്യുകയും ആയതിന് സര്‍ക്കാര്‍ ഭരണാനുമതിയും കിഫ്ബി സാമ്പത്തികാനുമതിയും നല്‍കുകയും ചെയ്തു. സര്‍ക്കാര്‍ നിയമിച്ച സാങ്കേതിക സമിതി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷന്‍ നിഷ്കര്‍ഷിക്കുന്നു. സ്കൂളുകളുടെ ആവശ്യകത, കമ്പോളത്തില്‍ ലഭ്യമായ ഉപകരണങ്ങള്‍, അംഗീകരിച്ച നിരക്ക് തുടങ്ങിയവ വിശദമായി പരിശോധിച്ചാണ് സാങ്കേതിക സമിതി |

| | | | |
|---|---|---|---|
| | | | സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നത്. യഥാർത്ഥ നിർമാതാക്കൾക്കോ (ഒ.ഇ.എം) അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തിയ ഒരാൾക്കോ മാത്രമേ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ കഴിയൂ എന്ന വ്യവസ്ഥ ടെണ്ടർ ഡോക്യുമെന്റിൽ ഉൾപ്പെടുത്തി. എല്ലാ ഉപകരണങ്ങൾക്കും അഞ്ച് വർഷ കോംപ്രിഹെൻസീവ് വാറണ്ടി കമ്പനികൾ നൽകണമെന്നും ഇതിനു പുറമെ വിതരണത്തിന് ശേഷം വാറണ്ടി കാലയളവിൽ പരാതി പരിഹാരത്തിനുള്ള കോൾ സെന്റർ, വെബ് പോർട്ടൽ എന്നിവ വഴി ലഭിക്കുന്ന പരാതികൾ നിശ്ചിത സമയത്തിനുള്ളിൽ പരിഹരിച്ചില്ലെങ്കിൽ കരാറുകാർ നഷ്ടപരിഹാരം നൽകണമെന്നുമുള്ള വ്യവസ്ഥകളും ടെണ്ടറിൽ ഉൾപ്പെടുത്തി. ദേശീയ തലത്തിൽ പരസ്യം നൽകി നടത്തുന്ന ഇ-ടെണ്ടറിന്റെ ആദ്യഘട്ടം ടെക്നിക്കൽ ഇവാല്യുവേഷനാണ്. ഈ സമയത്ത് സപ്ലൈ ചെയ്യുന്ന ഉപകരണത്തിന്റെ സാമ്പിളുകളും കമ്പനികൾ ഹാജരാക്കണം. ടെക്നിക്കൽ ഇവാല്യുവേഷന്റെ ഭാഗമായി ഉപകരണങ്ങൾ ടെണ്ടറിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്ന വിശദമായ പരിശോധന സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ നടത്തുകയും ഇത് പാലിച്ച കമ്പനികളെ മാത്രം തുടർഘട്ടത്തിലേക്ക് (ഫിനാൻസ് ബിഡ്) പരിഗണിക്കുകയും ചെയ്യും. ഉല്പന്നം തിരഞ്ഞെടുത്തതിന് ശേഷം അവ വിതരണം ചെയ്യുന്നത് കൈറ്റിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ്. വിതരണം ചെയ്യുന്ന ഉല്പന്നത്തിന്റെ സാമ്പിളുകൾ വിതരണത്തിന് മുമ്പ് ജില്ലാ ഓഫീസുകളിൽ എത്തിക്കുകയും ജില്ലകളിൽ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനു മുമ്പ് ഉപകരണങ്ങൾ ഗുണമേന്മാ പരിശോധന നടത്തിയിട്ടുണ്ട്. ഉപകരണങ്ങൾ കൈപ്പറ്റുമ്പോൾ സർക്കുലറിൽ നിഷ്കർഷിക്കുന്നപോലെ സ്കൂളുകളും പ്രത്യേക പരിശോധന നടത്തും. ഇതിനുശേഷം സ്കൂളിലെത്തിയാലും എന്തെങ്കിലും പ്രശ്നങ്ങൾ കാണുന്ന പക്ഷം സ്കൂളുകൾക്ക് അത് റിപ്പോർട്ട് ചെയ്യാം. |
| (ഡി) | കൈറ്റ് കമ്പ്യൂട്ടറും, അനുബന്ധ സാധനങ്ങളും വാങ്ങിയതിൽ ഗുണനിലവാരം ഉറപ്പാക്കിയില്ലായെന്നും അഴിമതി നടന്നുവെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | അഴിമതി ആരോപണം ഉന്നയിച്ച | (ഇ) | ഉണ്ട്; വസ്തുതകളുടെ യാതൊരുവിധ |

| | | | |
|---|---|---|---|
| | പ്രതിപക്ഷനേതാവിന് എതിരെ കൈറ്റ് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടോ; പ്രസ്തുത വക്കീൽ നോട്ടീസിലെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; | | പിൻബലവുമില്ലാതെ കൈറ്റിനെതിരെ കക്ഷി നവമാധ്യമങ്ങളിലൂടെയും പത്രസമ്മേളന ത്തിലൂടെയും ഉന്നയിച്ച ആരോപണങ്ങൾ പിൻവലിക്കണമെന്നാണ് വക്കീൽ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്. |
| (എഫ്) | ഏത് സ്ഥാപനം വഴിയാണ് വക്കീൽ നോട്ടീസ് അയച്ചത്; പ്രസ്തുത സ്ഥാപനത്തിന് ഇതിനായി നൽകിയ ഫീസ് എത്രയാണെന്ന് അറിയിക്കാമോ? | (എഫ്) | കൈറ്റിനുവേണ്ടി സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വ.ദീപക് പ്രകാശ് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. വക്കീൽ ഫീസ് ഇനത്തിൽ ഇതുവരെ തുകയൊന്നും കൈറ്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Scheme | Number Of schools | Laptop | Projector | Mounting Accessories | USB Speaker | Screen | 43" Television | Multi Function Printer | DSLR Camera | HD Web cam | Total equipment cost | year |
|---|---|---|---|---|---|---|---|---|---|---|---|---|
| Hitech Pilot | 139 | 1679 | 1195 | 1195 | 1195 | 1257 | 0 | 0 | 0 | 0 | 10,18,00,170 | 2017-18 |
| Hitech | 4752 | 59532 | 43739 | 42055 | 43004 | 21841 | 4545 | 4609 | 4578 | 4720 | 3,79,00,26,723 | 2018-19 |
| Primary Pilot | 189 | 1596 | 630 | 0 | 0 | 0 | 0 | 0 | 0 | 0 | 5,97,13,920 | 2018-19 |
| Hitech Primary Lab | 11257 | 56244 | 24381 | 0 | 56240 | 0 | 0 | 0 | 0 | 0 | 2,17,36,77,725 | 2019-20 |
| **Total Result** | **16009** | **119051** | **69945** | **43250** | **100439** | **23098** | **4545** | **4609** | **4578** | **4720** | **6,12,52,18,538** | |